## ശ്ലീഹാക്കാലം ഏഴാം ഞായർ - 2016 ജൂൺ 26

(ലൂക്കാ. 13: 22-30)

### വചനസന്ദേശം: റവ. ഫാ. സേവി പടിക്കപ്പറമ്പിൽ

എന്റെ ജീവിതകാലത്തു ലോകം അവസാനിക്കല്ലേ എന്നു ഞാൻ പ്രാർത്ഥിക്കാറുണ്ട്. ജീവിക്കാനുള്ള കൊതി കൊണ്ടല്ല. ഇത്രയുംനാൾ ഒരു വൈദികനെന്ന നിലയിൽ പ്രസംഗിക്കുകയും നയിക്കുകയും ഒക്കെ ചെയ്തിട്ടു ഞാൻ നരകത്തിലേക്കു പോകുന്നതും, നരകത്തിലേക്കു പോകുമെന്നു ഞാൻ വിചാരിച്ചവർ സ്വർഗത്തിലേക്കു പോകുന്നതു കാണേണ്ടിവരുന്നതും, എന്നെ 'അയ്യോ അച്ചൻ നരകത്തിലേക്കു പോകുന്നേ' എന്നു പറഞ്ഞ് ആളുകൾ കളിയാക്കുന്നതും ഓർക്കുമ്പോൾ ലോകം അവസാനിക്കല്ലേ എന്നു ഞാൻ പ്രാർത്ഥിക്കാറുണ്ട്. അപ്പൻ നരകത്തിലേക്കും മക്കൾ സ്വർഗത്തിലേക്കും... ഒന്നാലോചിച്ചു നോക്കൂ... മാതാപിതാക്കളും അദ്ധ്യാപകരും ആത്മീയനേതൃത്വം നല്കുന്നവരും എന്നല്ല, ക്രിസ്ത്യാനികളെല്ലാവരും തന്നെ ചിന്തിക്കേണ്ട ഒരു സത്യമാണിത്.

ഫരിസേയന്റെയും ചുങ്കക്കാരന്റെയും ഉപമയിലെന്നപോലെ ഞായറാഴ്ച കുർബാനയിൽ കൃത്യമായി പങ്കെടുത്തു സഭയുടെ നിയമങ്ങളെല്ലാം പാലിച്ച്, ഒടുവിൽ മരണശേഷം അന്ത്യവിധിക്കായി ചെല്ലുമ്പോൾ നമ്മെ നരകത്തിലേക്കു പറഞ്ഞുവിട്ടിട്ട് അയലത്തെ രാമനും ഖാദറിനും സ്വർഗത്തിലേക്കു പ്രവേശനം നല്കുന്ന പത്രോസ് ശ്ലീഹായോടു പിറുപിറുക്കാതിരിക്കാൻ ഇപ്പോഴേ ചിന്തിക്കാം: സ്വർഗരാജ്യം ആരുടെയും 'കുത്തക'യല്ലാ യെന്ന്. ഈ മനോഭാവത്തെയാണ് ഈശോ സുവിശേഷത്തിൽ ചൂണ്ടിക്കാണിക്കുന്നത്.

സ്വർഗരാജ്യപ്രവേശം ആണ് ഇന്നത്തെ പ്രതിപാദ്യവിഷയം. സ്വർഗരാജ്യത്തെക്കുറിച്ചു ശരിയായ അവബോധം ഉണ്ടാകുക എന്നതു പ്രധാനപ്പെട്ടതാണ്. സ്വർഗരാജ്യം ലക്ഷ്യം വയ്ക്കുന്നവരല്ലേ വഴിയും മാർഗങ്ങളും അന്വേഷിക്കുകയുള്ളൂ. യഹൂദരുടെ കാലത്തും ആദിമ ക്രിസ്ത്യാനികളുടെ കാലത്തും പിന്നീടും സംഭവിച്ചതുപോലെ നമുക്കും നിർഭാഗ്യവശാൽ സ്വർഗരാജ്യത്തെക്കുറിച്ചു ശരിയായ ഒരു അവബോധം ഇല്ല. എന്താണു സ്വർഗരാജ്യം എന്നോ സ്വർഗരാജ്യപ്രവേശം എങ്ങനെയെന്നോ നാം പൂർണമായി മനസ്സിലാക്കിയിട്ടില്ല. അതുകൊണ്ടാണു പെന്തക്കോസ്തുസഭകളും ചില സെക്ടുകളും നമ്മുടെ ഇടയിൽ വർദ്ധിക്കുന്നത്. മെമ്പർഷിപ്പ് എടുത്ത് അഡ്മിഷൻ ഫീസ് നല്കുന്നവർക്കെല്ലാം 'സ്വർഗം ഫ്രീ' എന്ന തരത്തിലാണ് ഈ കൂട്ടർ പ്രവർത്തിക്കുന്നത്.

സ്വർഗരാജ്യത്തെക്കുറിച്ച് ഈശോ പഠിപ്പിച്ചിട്ടുള്ളതു സ്വർഗരാജ്യം ഈശോ തന്നെയാണെന്നാണ്. സ്വർഗരാജ്യത്തിലേക്കുള്ള വഴിയും മാർഗവുമെല്ലാം ഈശോതന്നെ. ഈ ജീവിതത്തിൽ ഈശോയെ സ്വന്തമാക്കുന്നവർ മരണശേഷവും ഈശോയെ സ്വന്തമാക്കുന്നു. ഈശോ നിത്യമായി നഷ്ടമാകുന്ന അഥവാ രക്ഷ പൂർണമായും അസാദ്ധ്യമാകുന്ന അവസ്ഥയാണു നരകം. ദൈവത്തിന്റെ രക്ഷയുടെ ഏറ്റവും വലിയ പ്രത്യേകത അതു വ്യക്തിപരമാണ് എന്നതാണ്. ഓരോ വ്യക്തിയും അവനവന്റെ രക്ഷ സ്വന്തമാക്കുന്നു.

ജീവിതം ആനന്ദിക്കുന്നതിനു മാത്രമുള്ളതാണ്. അതിനായി എന്തു മാർഗവും സ്വീകരിച്ചുകൊള്ളുക എന്ന എപ്പിക്യൂറിയൻ തത്ത്വചിന്ത മുതൽ ഇന്നത്തെ ഉപഭോഗസംസ്കാരത്തിലെത്തുമ്പോൾ നാം ബോധപൂർവം ഉപേക്ഷിക്കുന്നതു ക്രിസ്തുവിലേക്കുള്ള ഇടുങ്ങിയ വഴികളാണ്. വിവാഹജീവിതത്തിന്റെ പവിത്രതയെ ലക്ഷ്യമാക്കി ജീവിത പങ്കാളിയുടെ കുറവുകളെ പൂർണമനസ്സോടെ സ്വീകരിക്കുമ്പോഴും മറ്റുള്ളവരെ സഹായിക്കാനായി ബോധപൂർവം സഹനങ്ങൾ ഏറ്റെടുക്കുമ്പോഴും സാമൂ

ഹ്യതിന്മകൾക്കെതിരെ ഒറ്റയാൾ വിപ്ലവം നടത്തുമ്പോൾ പീഡിപ്പിക്കപ്പെടുമ്പോഴും നാം തിരഞ്ഞെടുക്കുന്നതു ക്രിസ്തുവിലേക്കുള്ള ഇടുങ്ങിയ വഴികളാണ്. ക്ലേശങ്ങളുടെയും സഹനങ്ങളുടെയും ഇടുങ്ങിയ വഴികളിലൂടെയാണു ക്രിസ്തുവിലേക്ക് എത്തിച്ചേരുന്നത്. യേശു പഠിപ്പിച്ചതും ജീവിതത്തിൽ പ്രാവർത്തികമാക്കിയതും ഇടുങ്ങിയ വഴിയുടെ സുവിശേഷമാണ്.

നമുക്കിന്നു ക്രിസ്തുവിലേക്കുള്ള ഒരുപാടു വാതിലുകളുണ്ട്. ഓരോ ക്രിസ്ത്യാനിയും ക്രിസ്തുവിലേക്കുള്ള വാതിലാകേണ്ടവനാണ്. ക്രിസ്തുവിലേക്ക് എത്തിച്ചേരാനുള്ള വാതിലാവാൻ നമുക്കാവുന്നുണ്ടോ? സഭ പോലും ഇന്നു തുറക്കപ്പെടുന്നതു ക്രിസ്തുവിലേക്കാണോ? കാലചക്രത്തിന്റെ ഗതിവിഗതികളിൽ സഭയും ക്രിസ്തുവും അഥവാ ഞാനും ക്രിസ്തുവും തമ്മിലുള്ള അന്തരം വർദ്ധിച്ചില്ലേ?

ആർക്കും പ്രവേശിക്കാനാകാത്ത ജാലകകമ്പികൾക്കിടയിലൂടെ സമർത്ഥമായി അകത്തു കടന്നു മോഷണം നടത്തുന്ന കള്ളനും പറയാനുണ്ടാവും അതിനുവേണ്ടി നടത്തിയ തയ്യാറെടുപ്പുകളുടെയും ചെറുതാകലിന്റെയും കഥ. ലാഭനേട്ടങ്ങളുടെ ഈ ലോകത്തു ക്രിസ്തുവിനുവേണ്ടി നഷ്ടം സഹിക്കുവാൻ നാം തയ്യാറാണോ? ആദ്യം, ആയിരിക്കുന്നതിനു പുറമേ നാം കൂട്ടിച്ചേർത്ത കപടതയുടെ ആടയാഭരണങ്ങൾ അഴിച്ചുമാറ്റുക. പിന്നീടു ക്രിസ്തുവിനുവേണ്ടി. അല്ല, നമുക്കു വേണ്ടി തന്നെ ക്രിസ്തുവിൽ നിന്നു നമ്മെ അകറ്റുന്നത് എന്തോ അത് ഒഴിവാക്കുക.

“ഞങ്ങൾ നിന്നോടൊത്തു ഭക്ഷിച്ചതും പാനം ചെയ്തതും നീ ഞങ്ങളെ പഠിപ്പിച്ചതുമെല്ലാം മറന്നോ?” വൈകാരികതയോടെ നടത്തിയ പഞ്ച് ഡയലോഗിനു നിസ്സംഗതയോടെയുള്ള മറുപടി: റെക്കമന്റേഷന്റെയും കൈക്കൂലിയുടെയും ഇക്കാലത്തു ദൈവരാജ്യത്തിലേക്കു മാത്രം കുറുക്കുവഴികളില്ല എന്ന്.